**SET-4**

**Series GBM**

**Code No. 12**

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **4** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 100*

*Time allowed : 3 hours* | *Maximum Marks : 100*

**1.** (a) ഉൽപ്രേക്ഷ എന്നാലെന്ത് ? ഫലോൽപ്രേക്ഷ, ധർമ്മോൽപ്രേക്ഷ, ഹേതൂൽപ്രേക്ഷ ഇവ എന്തെന്ന് ഉദാഹരണസഹിതം വിശദമാക്കുക. *7*

**അല്ലെങ്കിൽ**

ഉൽപ്രേക്ഷ ലക്ഷ്യലക്ഷണസമന്വയം ചെയ്ത് ധർമ്മ്യുൽപ്രേക്ഷ എന്തെന്ന് ഉദാഹരണം എഴുതി വിശദമാക്കുക.

(b) ലുപ്തോപമയുടെ ലക്ഷണമെഴുതി ഉപവിഭാഗങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക. *8*

**അല്ലെങ്കിൽ**

ഉപമയുടെ ലക്ഷണവും ലക്ഷ്യവുമെഴുതി രശനോപമ, സാവയവോപമ ഇവ ഉദാഹരണസഹിതം വിശദമാക്കുക.

**2.** (a) 'തെരുവുനായ്ക്കൾ നരനായാട്ടു നടത്തുമ്പോൾ' എന്ന വിഷയത്തെക്കുറിച്ചു നടന്ന ചർച്ചയുടെ പത്രറിപ്പോർട്ട് തയ്യാറാക്കുക. *7*

**അല്ലെങ്കിൽ**

'വൃദ്ധസദനങ്ങൾ ഇന്നത്തെ തലമുറയെ ഓർമ്മിപ്പിക്കുന്നത് ' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക.

(b) ശിഥിലമായ കുടുംബബന്ധങ്ങൾ എങ്ങനെ ഭാവിതലമുറയെ ദോഷകരമായി ബാധിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രമുഖ പത്രത്തിലേക്ക് ഒരു കത്ത് തയ്യാറാക്കുക. *8*

**അല്ലെങ്കിൽ**

വിദ്യാർത്ഥികൾ ധാർമ്മികമൂല്യങ്ങൾക്കധിഷ്ഠിതമായി മുന്നോട്ടു നീങ്ങേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് എഴുതുക.

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

നല്ല വ്യക്തിത്വം എന്നത് ഒറ്റ വാചകത്തിൽ നിർവചിച്ചാൽ അതിന് പൂർണ്ണത ഉണ്ടാകില്ല. ഒരാളുടെ മാനസികവും ശാരീരികവുമായ പ്രത്യേക സ്വഭാവരീതികളുടെയും പെരുമാറ്റരീതികളുടെയും ഒരു സംക്ഷിപ്തരൂപമാണ് വ്യക്തിത്വം. എല്ലാവരാലും അംഗീകരിക്കപ്പെടുന്ന സ്വഭാവവും പെരുമാറ്റരീതിയും അറിവും കഴിവും ശ്രേഷ്ഠതയും ഒത്തുചേരുകയും അത് സർവസമ്മതരൂപത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുന്നത് ഒരു നല്ല വ്യക്തിത്വത്തിന്റെ പ്രതിഫലനമായി കണക്കാക്കാം. വ്യക്തിത്വം സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായി ഉപയോഗിക്കാൻ കഴിയണം എന്നത് അനുബന്ധമായ ഘടകമാണ്. പൊരുമാറ്റരീതികൾ സമൂഹത്തിൽ ബഹുഭൂരിപക്ഷത്തിനും സ്വീകാര്യമായി തോന്നുന്നതാണെങ്കിൽ ഒരു പൊതുസമ്മതിയുള്ള വ്യക്തിത്വമായി മാറാൻ സാധിക്കും. എന്നാൽ വ്യത്യസ്ത സാഹചര്യങ്ങളിൽ അനുയോജ്യമായ രീതിയിലുള്ള സ്വഭാവരീതികളോടൊപ്പംതന്നെ നമ്മുടെ തൊഴിൽ അല്ലെങ്കിൽ നിലവാരം അഥവാ മേഖല അനുസരിച്ചുള്ള ഒരു വ്യക്തിത്വം നമുക്ക് ആവശ്യമാണ്. ഇത് നമ്മളെ വ്യത്യസ്ത വ്യക്തിത്വങ്ങളാക്കി മാറ്റുന്നു. ഉദാഹരണമായി ഒരു അധ്യാപകൻ ആ തൊഴിലുമായി ചേരുന്ന രീതിയിലുള്ള വ്യക്തിത്വമുള്ള ആളായിരിക്കണം. ഒരു ശാസ്ത്രജ്ഞനിലും വൈദികനിലും ഭിഷഗ്വരനിലും എഞ്ചിനീയറിലും ഹോട്ടൽ ജീവനക്കാരനിലും ഗുമസ്തനിലും ടാക്സി-ഓട്ടോ ഡ്രൈവർമാരിലും തൊഴിലാളികളിലും തൊഴിലിനുചേർന്ന നല്ല വ്യക്തിത്വത്തിന്റെ ലക്ഷണങ്ങൾ

ഉണ്ടാകും. സമൂഹം പല സാഹചര്യങ്ങളിൽനിന്നും അത് മനസ്സിലാക്കിയെടുക്കും. ടാക്സിയിൽ വഴിതെറ്റി സഞ്ചരിക്കേണ്ടിവരുമ്പോൾ ആ വാഹനത്തിന്റെ ഡ്രൈവർ ക്ഷമയോടെ സഹായമനസ്ഥിതിയോടെ നമ്മളെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നത് അംഗീകരിക്കാവുന്ന ഒരു വ്യക്തിത്വ പ്രകടനമാണ്. ഒരു പക്ഷേ, പണം വാങ്ങുമ്പോൾ ഈ അധികപ്രയത്നത്തിന് കൂടുതൽ പണം ആവശ്യപ്പെടാതെ സാധാരണ കൂലിമാത്രം വാങ്ങുകയാണെങ്കിൽ അത് അദ്ദേഹത്തിന്റെ പ്രവൃത്തിക്ക് മാറ്റുകൂട്ടും. ഇത്തരം നന്മകൾ സമൂഹത്തിന്റെ ഇടപഴകലുകളിൽ നമ്മൾ ആഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇത്തരം പ്രവൃത്തി വ്യക്തിത്വമുള്ള ഒരുവനിൽനിന്നാണെന്ന് നിർണ്ണയിക്കാം. അങ്ങനെ ഏത് പ്രവൃത്തിമണ്ഡലത്തിലുള്ളവർക്കും അവരവരുടേതായ തൊഴിലിനെയും ഇടപെടലുകളെയും അനുസരിച്ച് അനുയോജ്യമായ വ്യക്തിത്വം നിലനിർത്താവുന്നതാണ്. ഇത്തരത്തിൽ ഉണ്ടാകുന്ന വ്യത്യസ്തതകളാണ് നല്ല വ്യക്തിത്വത്തിലേക്ക് നയിക്കുന്നത്.

**ചോദ്യങ്ങൾ :**

(i) വ്യത്യസ്തതകളാണ് നല്ല വ്യക്തിത്വത്തിലേക്കു നയിക്കുന്നത് എന്നു പറയാൻ കാരണമെന്ത് ? 2

(ii) നല്ല വ്യക്തിത്വം എപ്രകാരമാണ് പ്രതിഫലിക്കുന്നത് ? 2

(iii) നമ്മൾ വ്യത്യസ്ത വ്യക്തിത്വങ്ങളായി മാറുന്നത് എപ്പോൾ ? 2

(iv) പൊതുജനസമ്മതിയുള്ള ഒരു വ്യക്തിയായി നമുക്കെങ്ങനെ മാറാൻ സാധിക്കും ? 2

(v) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം തയ്യാറാക്കുക. 2

3. (a) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×6=30*

(i) സമകാലിക കേരളത്തിലുള്ളവർ യഥാർത്ഥത്തിൽ ‘കൊമാല’യിലാണോ ജീവിക്കുന്നത് ? വിശകലനം ചെയ്യുക.

(ii) “പെൻഷനും രോഗത്തിനും മരണത്തിനും ഉള്ള ഒരർഹത മാത്രമാണ് വൃദ്ധൻ” എന്ന് ലേഖകൻ അഭിപ്രായപ്പെടാൻ കാരണമെന്ത് ? നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നോ ? വിശദമാക്കുക.

(iii) “ഒരു ചോദ്യത്തേക്കാൾ അത് ഒരു വിശ്വാസപ്രകടന മായിരുന്നു.” ഏത് ? സന്ദർഭം പറഞ്ഞ് ആ ചോദ്യത്തിന്റെ വിശ്വാസ്യത വിശകലനം ചെയ്യുക.

(iv) ‘പാതയുടെ സംഗീത’ത്തിൽ ദാരിദ്ര്യം എന്ന യാഥാർത്ഥ്യത്തെ ഒട്ടും കാൽപനികവൽക്കരിക്കാതെ റായ് അവതരിപ്പിക്കുന്നു എന്ന് ടി.ജി. വൈദ്യനാഥൻ അഭിപ്രായപ്പെടാൻ കാരണമെന്ത് ?

(v) ‘തലയോലപ്പറമ്പ് ചന്ത’ കണ്ട ബഷീറിന്റെ ചിന്തകൾ വിവരിക്കുക.

(vi) ബന്ധനസ്ഥയായ ഗൃഹസ്ഥയുടെ മടുപ്പും പ്രതിഷേധവും മുക്തിവാഞ്ഛയും ബാലാമണിയമ്മയുടെ ‘വിളി’ എന്ന കവിതയിൽ എപ്രകാരം ധ്വന്യാത്മകമായി അവതരിപ്പിക്കുന്നുവെന്ന് കണ്ടെത്തുക.

(vii) ‘ഹിഗ്വിറ്റ’ എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

(viii) “യൂറോപ്പിലെ യാത്രക്കാരുടെ മാറിവരുന്ന കാഴ്ചപ്പാടും കേരളത്തിന് ഗുണം ചെയ്തിട്ടുണ്ട് .” ഇതാരുടെ വാക്കുകൾ ? എന്തു ഗുണം ? മാറിവരുന്ന കാഴ്ചപ്പാടെന്ത് ?

(b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *5×4=20*

(i) "ജോലിത്തിരക്കുമൂലവും സേവക-
ജാലങ്ങൾതൻ സ്തുതിഘോഷം കൊണ്ടും
ആലോചിയാ ഭവാൻമാരൊന്നു, മീവക-
യാലാപം തന്നെ ചെവിയിലെത്താ"

ആശയം വിശദമാക്കി, ഇന്നത്തെ കേരളത്തിലെ അവസ്ഥ, ഇതിൽനിന്നും ഭിന്നമായിട്ടുണ്ടോ എന്നു പരിശോധിക്കുക.

(ii) "മനുഷ്യൻ യാന്ത്രികമനസ്സുകളായി മാറുകയും ബന്ധങ്ങളുടെ ഇഴപ്പെരുക്കങ്ങൾ നഷ്ടമാവുകയും ചെയ്യുന്ന ഒരു വരണ്ട കാലത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്." ഈ പ്രസ്താവന സമർത്ഥിക്കുക.

(iii) "എന്നെ മൂകമായ് ശാസിച്ചു പേർത്തും." സന്ദർഭം പറഞ്ഞ് ശാസനയുടെ പൊരുളെന്തെന്ന് വിശദമാക്കുക.

(iv) സ്വന്തം ചിറകിന്റെ കരുത്തിനെക്കുറിച്ച് നല്ല ബോധമുണ്ടായിരുന്ന കാക്കക്കുഞ്ഞിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാം ? അതിലൂടെ കവി ധ്വനിപ്പിക്കുന്നതെന്തെന്ന് വിചിന്തനം ചെയ്യുക.

(v) "തമ്മിൽ കലർന്നാൽ ഗുണമേറും പൂക്കളെ സമ്മേളിപ്പിപ്പിൻ സരസമായി." ഈ വരികളിലൂടെ കവി സൂചിപ്പിക്കുന്നതെന്തെല്ലാമെന്ന് വിവരിക്കുക.

(vi) മനുഷ്യൻ കായികമായി അധ്വാനിക്കാൻ വിമുഖത കാണിക്കുന്ന ഈ കാലഘട്ടത്തിന്റെ ദൂരവ്യാപകമായ ഫലത്തെ കവി എപ്രകാരമാണ് 'മനുഷ്യപ്രദർശന'ത്തിൽ ദീർഘവീക്ഷണം ചെയ്യുന്നതെന്ന് വ്യക്തമാക്കുക.

**4.** താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക : *10×1=10*

(a) തന്നിലെ കഥാകാരനെ രൂപപ്പെടുത്താൻ തന്നെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമെന്ന് എം.ടി. യുടെ സ്മരണയെ അടിസ്ഥാനമാക്കി വിവരിക്കുക.

(b) എം.ടി. യുടെ അമ്മയിൽ തെളിയുന്ന മാതൃകാപരമായ വ്യക്തിത്വത്തെക്കുറിച്ച് വിശദമാക്കുക.